പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 211* 9.3.2018-ൽ മറുപടിയ്ക്ക്

ഇറച്ചിക്കോഴി ഉല്പന്നങ്ങളുടെ ഇറക്കുമതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. കൃഷ്ണൻകുട്ടി<br>,, സി.കെ.നാണു<br>,, കോവൂർ കുഞ്ഞുമോൻ<br>,, കെ.ബി.ഗണേഷ് കുമാർ | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) | അമേരിക്കയിൽ നിന്നും കോഴിയിറച്ചിയും ഇറച്ചിക്കോഴി ഉല്പന്നങ്ങളും ഇറക്കുമതി ചെയ്യാൻ കേന്ദ്ര സർക്കാർ അനുമതി നല്കിയ സാഹചര്യത്തിൽ ഇത് സംസ്ഥാനത്തെ ഇറച്ചിക്കോഴി കർഷകരെ പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; | എ) | കോഴിയിറച്ചിയുടെ ആഭ്യന്തര ഉത്പാദനത്തിലും വിപണനത്തിലും വിലനിയന്ത്രണത്തിലും ഗുണമേന്മയിലും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് കുടുംബശ്രീ, കെപ്കോ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി ഇറച്ചി ക്കോഴിവളർത്തൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു കുടുംബശ്രീ യൂണിറ്റുകൾ വഴി വളർത്തുന്ന കോഴികൾ വിപണന പ്രായമെത്തുമ്പോൾ കിലോഗ്രാം ശരീരതൂക്കത്തിന് 85/ രൂപ നിരക്കിൽ കെപ്കോ മുഖേന വാങ്ങി വിപണനം നടത്തുവാനാണ് ധാരണയായിട്ടുള്ളത്. തിരുവനന്തപുരം കൊല്ലം ജില്ലകളിൽ 1000 കോഴികൾ വീതമുള്ള 10 യൂണിറ്റുകൾ വീതം ആകെ 20 യൂണിറ്റുകൾ പൈലറ്റ് പ്രോജക്ടായി നിലവിൽ നടപ്പിലാക്കിവരുന്നു ഘട്ടംഘട്ടമായി വരുന്ന 4 വർഷങ്ങളിൽ മൊത്തം 5000 യൂണിറ്റുകൾ സംസ്ഥാനത്തൊട്ടാകെ ആരംഭിയ്ക്കുവാനാണ് ലക്ഷ്യമിടുന്നത്.<br><br>ഇറക്കുമതി ചെയ്ത കോഴിയിറച്ചി ആഭ്യന്തര വിപണിയേക്കാൾ കുറഞ്ഞ വിലയ്ക്ക് വില്ക്കുകയാണെങ്കിൽ ആഭ്യന്തര ഉൽപാദകരെ പ്രതികൂലമായി ബാധിയ്ക്കും ഇത് ഇന്ത്യ ഒട്ടാകെയുള്ള കോഴി വളർത്തൽ കർഷകരെ ബാധിയ്ക്കുന്നതാണ്. ഇങ്ങനെ സംഭവിയ്ക്കുകയാണെങ്കിൽ ഇറക്കുമതി ചെയ്യുന്ന കോഴിയിറച്ചിയ്ക്ക് ഉയർന്ന നികുതി ഏർപ്പെടുത്തി തദ്ദേശീയരായ കർഷകരെ സഹായിക്കേണ്ടി വരും.<br><br>കോഴിയിറച്ചിയുടെ ആഭ്യന്തര ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി പുതിയ പ്രോസ്സിംഗ് പ്ലാന്റ് , ഹാച്ചറികൾ. കൊല്ലം , കോഴിക്കോട് ജില്ലകളിൽ പുതിയ ഇറച്ചിക്കോഴി |

| | | | |
|---|---|---|---|
| | | | വളർത്തൽ കേന്ദ്രങ്ങൾ, ഫാമുകളുടെ നവീകരണം തുടങ്ങിയവയ്ക്ക് കെപ്കോ തുടക്കമിട്ടിട്ടുണ്ട്. |
| ബി) | ഇറക്കുമതി ചെയ്യുന്ന,ശീതികരിച്ചതും ജനിതകമാറ്റം വരുത്തിയ തീറ്റകൾ നല്കി വളർത്തിയതുമായ കോഴികളുടെ ഇറച്ചി ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകാനുളള സാധ്യതയുണ്ടോ;ഇത് പ്രതിരോധിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | ബി) | ഇറക്കുമതി ചെയ്യുന്ന കോഴിയിറച്ചി വിപണിയിൽ എത്തുന്നതിനുമുൻപ് സാങ്കേതിക വിദഗ്ധർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി റിസ്ക് അനാലിസിസ് നടത്തുന്നതാണ് ആയതിനാൽ ഇക്കാര്യത്തിൽ ആശങ്കപെടേണ്ടതില്ല |

സെക്ഷൻ ഓഫീസർ